No. CEE/5454/2018/KEAM-2019/TA1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# പത്രക്കുറിപ്പ്

# KEAM-2019

## എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ, ഫാർമസി കോഴ്സുകളിലെ ഒഴിവുകൾ നികത്തുന്നതിനുള്ള ഓൺലൈൻ മോപ് അപ് കൗൺസലിംഗിൽ ഓപ്ഷൻ നൽകാൻ അവസരം

2019 വർഷത്തെ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി കോഴ്സുകളിലെ സർക്കാർ/എയ്ഡഡ്/ഇതുവരെ സ്പോട്ട് അഡ്മിഷൻ നടത്താത്ത സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജുകളിലെ ഒഴിവുകൾ നികത്തുന്നതിനുള്ള ഓൺലൈൻ മോപ് അപ് കൗൺസലിംഗിന് പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി റാങ്ക് ലിസ്റ്റിലെ നിശ്ചിത യോഗ്യതയുള്ള വിദ്യാർത്ഥികൾക്ക് **31.07.2019** മുതൽ **04.08.2019 വൈകിട്ട് 5 മണി** വരെ പുതുതായി ഓപ്ഷൻ രജിസ്റ്റർ ചെയ്യാവുന്നതാണ്. നിശ്ചിത സമയത്തിനകം ലഭ്യമാകുന്ന ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ, ഫാർമസി കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകളിലേയ്ക്കുള്ള ഓൺലൈൻ അലോട്ട്മെന്റ് **05.08.2019**–ാം തീയതി വൈകുന്നേരം പ്രസിദ്ധീകരിക്കുന്നതാണ്. സർക്കാർ/ എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിലേയും, ശ്രീ. ചിത്തിര തിരുന്നാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗ് പാപ്പനംകോട്, യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് തൊടുപുഴ, ഇടുക്കി, കാലിക്കറ്റ് യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി തേഞ്ഞിപ്പാലം മലപ്പുറം എന്നീ സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജുകളിലെയും എഞ്ചിനീയറിംഗ് സീറ്റുകളിലെ ഒഴിവുകളിൽ പ്രവേശനത്തിനു വേണ്ടി പുതുതായി ഓപ്ഷൻ നൽകേണ്ടതാണ്. ഓൺലൈൻ ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്ന എല്ലാ വിദ്യാർത്ഥികളുടെയും ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ **05.08.2019** ന് അലോട്ട്മെന്റ് പ്രസിദ്ധപ്പെടുത്തുന്നതാണ്.

**അലോട്ട്മെന്റ് ഷെഡ്യൂൾ ചുവടെ ചേർക്കുന്നു.**

| | |
|---|---|
| 31.07.2019 | ഓൺലൈൻ ഓപ്ഷൻ രജിസ്ട്രേഷനുള്ള വെബ്സൈറ്റ് സൗകര്യം സജ്ജമാകുന്നു. |
| 04.08.2019<br>**വൈകിട്ട് 5 മണി** | ഓൺലൈൻ ഓപ്ഷൻ രജിസ്ട്രേഷൻ സൗകര്യം അവസാനിക്കുന്നു. |
| 05.08.2019<br>**വൈകിട്ട് 4 മണി** | **അലോട്ട്മെന്റ് പ്രസിദ്ധീകരണം** |
| 06.08.2019 to 08.08.2019,<br>**വൈകിട്ട് 4 pm** | അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ളതും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടയ്ക്കേണ്ടതുമായ തുക കേരളത്തിലെ ഏതെങ്കിലും ഹെഡ് പോസ്റ്റ് ഓഫീസ് മുഖാന്തിരമോ ഓൺലൈൻ പേയ്മെന്റ് മുഖാന്തിരമോ ഒടുക്കണം. നിശ്ചിത സമയത്തിനകം ഫീസ് ഒടുക്കാത്ത വിദ്യാർത്ഥികളുടെ അലോട്ട്മെന്റ് റദ്ദാകുന്നതാണ്. |
| 08.08.2019<br>വൈകിട്ട് 5 മണി വരെ | പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ കോളേജ് അധികാരികൾ അംഗീകരിച്ച് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈൻ അഡ്മിഷൻ മാനേജ്മെന്റ് സിസ്റ്റം (**OAMS**) മുഖേന സമർപ്പിക്കണം. |

അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ളതും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതുമായ ഫീസ്/ബാക്കി തുക (ബാധകമെങ്കിൽ) **06.08.2019** മുതൽ കേരളത്തിലെ ഏതെങ്കിലും ഹെഡ് പോസ്റ്റോഫീസ് മുഖാന്തിരമോ ഓൺലൈൻ പേയ്മെന്റ് മുഖേനയോ ഒടുക്കിയ ശേഷം അതത് കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്. ഫീസ് ഒടുക്കാൻ സൗകര്യമുള്ള ഹെഡ് പോസ്റ്റ് ഓഫീസുകളുടെ ലിസ്റ്റ് വെബ്സൈറ്റിൽ ലഭ്യമാണ്.

നിലവിലുള്ള ഒഴിവുകൾക്കു പുറമേ ആയത് നികത്തപ്പെടുമ്പോൾ ഈ ഘട്ടത്തിൽ മറ്റു കോഴ്സുകളിൽ സീറ്റുകൾ ഒഴിവ് വരാൻ സാധ്യതയുള്ളതിനാൽ വിദ്യാർത്ഥികൾ ആവശ്യമുള്ള എല്ലാ കോഴ്സുകൾക്കും ഓപ്ഷൻ നൽകാൻ ശ്രദ്ധിക്കേണ്ടതാണ്. **05.08.2019** ന് നടക്കുന്ന അലോട്ട്മെന്റിനു ശേഷം വരുന്ന എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോഴ്സുകളിലെ ഒഴിവുകളിൽ ഡയറക്ടർ ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ പ്രത്യേക അറിയിപ്പോടെ സ്പോട്ട് അലോട്ട്മെന്റ്/അഡ്മിഷൻ നടത്തുന്നതായിരിക്കും.

**ടോക്കൺ ഡെപ്പോസിറ്റ്**

പുതുതായി അലോട്ട്മെന്റ് ലഭിക്കുന്ന എസ്.സി./എസ്.റ്റി./ഒ.ഇ.സി. എന്നീ വിഭാഗങ്ങളിലെ വിദ്യാർത്ഥികളും, G.O.(Ms)No.25/2005/SCSTDD, തീയതി: 20.06.2005, G.O.(Ms)No.10/2014/BCDD തീയതി: 23.05.2014 എന്നീ സർക്കാർ ഉത്തരവുകൾ അനുസരിച്ച് ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും ടോക്കൺ ഡെപ്പോസിറ്റ് നൽകേണ്ടതില്ല. പ്രസ്തുത വിദ്യാർത്ഥികൾ അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ അഡ്മിഷൻ നേടേണ്ടതാണ്.

***അലോട്ട്മെന്റ് ലഭിച്ചാൽ പ്രവേശനം നേടുകയും പഠനം തുടരുകയും ചെയ്യും എന്നുറപ്പുള്ള കോളേജുകളിലേയ്ക്കും കോഴ്സുകളിലേയ്ക്കും മാത്രം ഓപ്ഷനുകൾ നൽകാൻ വിദ്യാർത്ഥികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.***

പ്രവേശനവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും അലോട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും **www.cee-kerala.org** എന്ന വെബ്സൈറ്റിൽ ലഭിക്കുന്നതാണ്.

ഹെൽപ്പ് ലൈൻ നമ്പരുകൾ: 0471 2339101, 2339102, 2339103, 2339104, 2332123

തിരുവനന്തപുരം
30 .07.2019

**പ്രവേശന പരീക്ഷാ കമ്മീഷണർ**